**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഒരു നൂറ്റാണ്ടായി കേരളത്തിന്റെ സ്വപ്നവും കാൽ നൂറ്റാണ്ടായുള്ള പ്രതീക്ഷയും സഫലമാകുന്ന സുദിനം സമാഗതമാകുകയാണെന്ന വിവരം ഏറെ സന്തോഷത്തോടും അഭിമാനത്തോടും കൂടി ഞാൻ ബഹുമാനപ്പെട്ട ഈ സഭയെ അറിയിക്കുകയാണ്. ചേര-ചോള രാജവംശത്തിന്റെയും ആയ് രാജാക്കന്മാരുടെയും കാലം മുതൽക്കേ പ്രസിദ്ധമായ വാണിജ്യ ആസ്ഥാനമായിരുന്ന വിഴിഞ്ഞം തുറമുഖം കേരളത്തിന് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ്. അന്താരാഷ്ട്ര കപ്പൽപ്പാതയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന പ്രകൃതിദത്ത തുറമുഖം ഒരു അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നവോന്മേഷം നൽകിയിട്ട് കാൽ നൂറ്റാണ്ടായി. ഈ തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഇക്കാലയളവിൽ ഭരണാധികാരം വഹിച്ചിരുന്നവർ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. ഈ നിയമസഭയുടെ ഒന്നു മുതൽ പതിനാലുവരെയുള്ള എല്ലാ സമ്മേളന കാലയളവിലും വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സഭാതലത്തിൽ ഉന്നയിക്കപ്പെടുകയും അതാത് ഘട്ടങ്ങളിലുള്ള പ്രവർത്തന പുരോഗതി ഞാൻ

ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാനാകുന്ന ഈ തുറമുഖം കേരള സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതികളിൽ പ്രധാനപ്പെട്ടതാണ്. ഈ പദ്ധതി കേരളത്തിന്, കേരളത്തിലെ ജനസമൂഹത്തിന് വികസന സാദ്ധ്യതകളുടെ വാതായനം തുറക്കുന്ന ഒരു മെഗാ പ്രോജക്ടാണ്.

വിഴിഞ്ഞം പദ്ധതിക്കുള്ള പ്രാരംഭ ശ്രമങ്ങൾ 1991-ൽ തുടങ്ങുകയുണ്ടായി. 1995-ൽ MoU മുഖേനയും 2005-ലും 2007-ലും പി.പി.പി. മാതൃകയിലും ശ്രമങ്ങൾ നടത്തിയെങ്കിലും വിജയം കണ്ടില്ല. ഇതിനെത്തുടർന്ന് 2010-ൽ മുൻ സർക്കാർ ലോകബാങ്കിന്റെ വിഭാഗമായ ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെ (ഐ.എഫ്.സി) പദ്ധതിയുടെ ഉപദേശകരായി തെരഞ്ഞെടുത്തു.

ഐ.എഫ്.സി സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ മുൻ സർക്കാർ പദ്ധതിയെ പി.പി.പി ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡലിൽ രൂപകല്പന ചെയ്തു. ഇതനുസരിച്ച് ബാഹ്യാടിസ്ഥാന സൗകര്യ വികസനങ്ങൾക്കും പൂർണ്ണമായും സർക്കാർ മുതൽ മുടക്കുന്നതായിരുന്നു ഈ മാതൃക. ഇത് പ്രകാരം ബ്രേക്ക് വാട്ടർ, ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, ബെർത്ത് എന്നിവ സർക്കാർ ചെലവിൽ നിർവ്വഹിക്കണം. പി.പി.പി. ഘടകമായ സൂപ്പർ സ്ട്രക്ച്ചറിനും എക്വിപ്മെന്റിനും

കണക്കാക്കിയിരുന്നത് 970 കോടി രൂപയായിരുന്നു. ഈ മോഡൽ പരീക്ഷിച്ചപ്പോൾ ക്വാട്ട് ചെയ്ത വെൽസ്പൺ കമ്പനി വരുമാന വിഹിതമില്ലാതെ 479 കോടി രൂപ ഗ്രാന്റാണ് സർക്കാരിൽനിന്ന് ആവശ്യപ്പെട്ടത്. അതുകൊണ്ടുതന്നെ സർക്കാർ ഈ ടെണ്ടർ അംഗീകരിച്ചില്ല.

പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് ലാന്റ് ലോർഡ് മാതൃക പുനർനിർണ്ണയിച്ചുകൊണ്ടുള്ള ഈ സർക്കാരിന്റെ നിരന്തരമായ പ്രവർത്തന ഫലമായി 2015 ഫെബ്രുവരി 3-ന് വി.ജി.എഫ് അനുമതി ലഭിച്ചു. ഇത്തരത്തിൽ വി.ജി.എഫ് ധനസഹായം ലഭിക്കുന്ന രാജ്യത്തെ ആദ്യ തുറമുഖ പദ്ധതിയാണിത്. സംസ്ഥാനത്തെ ആദ്യത്തെ പദ്ധതിയും.

പദ്ധതിയുടെ ബാഹ്യാടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതിക അനുമതിക്കായുള്ള പ്രവർത്തനങ്ങൾക്കും ഈ സർക്കാർ ആക്കം കൂട്ടി. 2011 ജൂൺ/ജൂലൈ മാസങ്ങളിൽ പരിസ്ഥിതി പഠനത്തിനുള്ള ToR അംഗീകരിച്ചു. ഏതാണ്ട് രണ്ട് വർഷത്തിലേറെ നീണ്ടുനിന്ന ചിട്ടയായ പ്രവർത്തനത്തിന്റെയും പരിസ്ഥിതി പഠനത്തിന്റെയും പബ്ലിക് ഹിയറിംഗിന്റെയും ഒടുവിൽ 2014 ജനുവരി 3-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് പാരിസ്ഥിതിക അനുമതി ലഭിച്ചു.

പദ്ധതിക്കാവശ്യമായ 230 ഏക്കർ ഭൂമിയിൽ 90% ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.

കുടിയൊഴിപ്പിക്കപ്പെട്ട 65 കുടുംബങ്ങളെയും തൃപ്തികരമായ നിലയിൽ പുനരധിവസിപ്പിച്ചു. പദ്ധതിക്കാവശ്യമായ ജല ലഭ്യത ഉറപ്പുവരുത്താൻ 3.3 MLD ശേഷിയുള്ള പ്ലാന്റ് പൂർത്തീകരിച്ചു. പ്രസ്തുത പ്ലാന്റിൽനിന്ന് തദ്ദേശവാസികൾക്കും ജലം ലഭ്യമാക്കി. പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കാനായുള്ള ട്രാൻസ്മിഷൻ ലൈനുകളുടെയും ഭൂഗർഭ കേബിളുകളുടെയും നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. തുറമുഖത്തേയ്ക്ക് റെയിൽ കണക്ടിവിറ്റിക്കുള്ള DPR തയ്യാറാക്കി കഴിഞ്ഞു. സ്ഥലമേറ്റെടുക്കൽ നടപടികൾ ഉടൻ ആരംഭിക്കും.

പാരിസ്ഥിതികാനുമതിക്കായുള്ള ശിപാർശ ലഭിച്ചയുടൻ 2013 ഡിസംബർ നാലിന് ആഗോള ടെണ്ടർ ക്ഷണിച്ചു. എംബസികളെയും ബിഡ് നൽകാൻ സാധ്യതയുള്ള കമ്പനികളെയും പങ്കെടുപ്പിച്ചുകൊണ്ട് 2014 ജനുവരി 16-ന് മുംബൈയിൽ റോഡ് ഷോ നടത്തി. ടെണ്ടറിന്റെ ഭാഗമായി Pre-Application Conference -കളും Pre -Bid Meeting – കളും കൺസൾട്ടേറ്റീവ് യോഗങ്ങളും സംഘടിപ്പിച്ചു. ടെണ്ടർ നടപടികൾ ആദ്യഘട്ടം 2014 മാർച്ച് പത്തിന് പൂർത്തീകരിച്ചു. അഞ്ചു കമ്പനികൾ അപേക്ഷിച്ചു. യോഗ്യത നേടിയവരിൽ മൂന്ന് കമ്പനികൾ എട്ട് ലക്ഷം രൂപ മുടക്കി RFP യും ഇതിന്റെ ഭാഗമായ ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റും വാങ്ങി.

രണ്ടാംഘട്ട നടപടികൾ പൂർത്തീകരിച്ചതിനുശേഷം പ്രൈസ് ബിഡ് നൽകേണ്ട അവസാന ദിനമായ 2015 ഏപ്രിൽ 24-ന് അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ മാത്രമാണ് ബിഡ് സമർപ്പിച്ചത്. അവർ ചെലവഴിക്കേണ്ട ആകെ പദ്ധതി തുകയായ 4089 കോടി രൂപയിൽ 39.985% ഗ്രാന്റാണ് ആവശ്യപ്പെട്ടത്. (1635 കോടി രൂപ). ഇതിൽ ആദ്യത്തെ 20% കേന്ദ്ര സർക്കാരും അതിനു ശേഷമുള്ള 19.985% കേരള സർക്കാരുമാണ് നൽകേണ്ടത്.

ടെണ്ടർ ലഭിച്ച ബിഡ്ഡിന്റെ പശ്ചാത്തലത്തിൽ പദ്ധതിയുടെ Transaction Adviser -ന്റെയും legal Adviser-ന്റെയും സംസ്ഥാന സർക്കാരിന്റെ നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെയും അഭിപ്രായങ്ങൾ ആരാഞ്ഞു. ഈ അഭിപ്രായങ്ങൾ പ്രകാരം ആഗോള ടെണ്ടർ വിളിക്കുകയും പരമാവധി മത്സരാധിഷ്ഠിത ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിലായിരുന്നു ഈ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. 2015 മെയ് 7-ാം തീയതി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റി ബിഡ് സ്വീകരിക്കാൻ ശിപാർശ ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശകൾ 2015 മെയ് 20-ാം തീയതി സംസ്ഥാന മന്ത്രി സഭായോഗം പരിഗണിക്കുകയും അന്തിമ തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം കൈക്കൊള്ളാമെന്നും തീരുമാനിച്ചു. ജൂൺ 3-ന്

ചേർന്ന സർവ്വ കക്ഷിയോഗത്തിൽ ടെണ്ടർ പ്രക്രിയ സംബന്ധിച്ച എല്ലാ വിവരങ്ങളും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർവ്വകക്ഷി യോഗത്തിൽ കക്ഷി നേതാക്കൾ ഉന്നയിച്ച വിഷയങ്ങൾ വേണ്ടത്ര ഗൗരവത്തോടെ ഉൾക്കൊള്ളുന്നുവെന്നും സുതാര്യമായും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചു.

2015 ജൂൺ 10-ാം തീയതി ചേർന്ന മന്ത്രിസഭാ യോഗം വിഷയം പരിഗണിക്കുകയും ഉന്നതാധികാര സമിതിയുടെ ശിപാർശകൾ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. അദാനി പോർട്ട്സ് & സ്പെഷ്യൽ എക്കണോമിക് സോൺ സമർപ്പിച്ച ബിഡ് അംഗീകരിച്ച് 13.07.2015-ൽ GO(MS)35/F&PD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. അതേത്തുടർന്ന് അന്നേ ദിവസം തന്നെ അദാനി പോർട്ട്സിന് സർക്കാർ ലെറ്റർ ഓഫ് അവാർഡ് നൽകി. അദാനി പോർട്ട്സ് ലെറ്റർ ഓഫ് അവാർഡ് സ്വീകരിച്ച് സമ്മതം അറിയിച്ചു കഴിഞ്ഞു.

ഈ പദ്ധതിക്കുവേണ്ടി രൂപീകൃതമാകുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കമ്പനിയുമായി കൺസെഷൻ എഗ്രിമെന്റ് ഒരു മാസത്തിനുള്ളിൽ ഒപ്പുവയ്ക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ

പ്രവർത്തനം വരുന്ന കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് സമാരംഭിക്കുവാനാകുമെന്ന ശുഭപ്രതീക്ഷയിലാണ് സർക്കാർ.

വിഴിഞ്ഞം തുറമുഖ പദ്ധതി ഈ നിലയിൽ എത്തിക്കുന്നതിന് ബഹുമാനപ്പെട്ട സാമാജികരും വിവിധ രാഷ്ട്രീയ കക്ഷികളും മറ്റു ജനപ്രതിനിധികളും സർക്കാരിന്റെ വിവിധ വകുപ്പുകളും ഉദ്യോഗസ്ഥരും സർവ്വോപരി തദ്ദേശവാസികളും നിർലോപമായ സഹായ സഹകരണങ്ങൾ നൽകിയത് സർക്കാർ നന്ദിയോടെ ഓർക്കുന്നു. പദ്ധതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കുന്ന ഗവൺമെന്റിനെ ചെയറും പ്രത്യേകമായി അഭിനന്ദിക്കുന്നു.